LIBRARY ARCHIVES Kerala Legislative Assembly

എസ്.എൻ. കോളേജിലെ സമരം

68 (68) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ. കോളേജിലെ ഒരു വിഭാഗം വിദ്യാർത്ഥികളുടെ സമരം സംബന്ധിച്ചുള്ള കേസിൽ കേരള ഹൈക്കോടതി വിധി എന്തായിരുന്നു ;

(ബി) ഏതെങ്കിലും വിദ്യാർത്ഥി സംഘടനകൾ കോടതി വിധി ലംഘിച്ച് കോളേജ് പ്രിൻസിപ്പലിനെ കോളേജിനകത്തുവച്ച് ഘെരാവോ ചെയ്യുകയുണ്ടായോ ;

(സി) വിദ്യാർത്ഥികൾ പ്രിൻസിപ്പലിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കുകയും ഓഫീസ് ഫോൺ വിഛേദിക്കുകയും ചെയ്തപ്പോൾ പോലീസ് നിഷ്ക്രിയരായി നോക്കിനിന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം എസ്.എൻ. കോളേജിനും കോളേജ് കെട്ടിടത്തിനും കേടുപാടുകൾ ഉണ്ടാകാൻ പാടില്ലെന്നും കോളേജിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും, അദ്ധ്യാപകേതര ജീവനക്കാർക്കും സംരക്ഷണം നൽകണമെന്നും കോളേജ് ഗേറ്റിന് 50 മീറ്റർ ചുറ്റളവിൽ പ്രകടനം നടത്തുവാൻ അനുവദിക്കരുതെന്നും ആയുധങ്ങളുമായി ആരുംതന്നെ കോളേജിനുള്ളിൽ കടക്കരുതെന്നും കോളേജ് പ്രിൻസിപ്പാളും വിദ്യാർത്ഥികളും അദ്ധ്യാപകരും, അദ്ധ്യാപകേതര ജീവനക്കാരും ഒഴിച്ച് ആരും കോളേജിനുള്ളിൽ പ്രവേശിക്കരുതെന്നും കൊല്ലം എസ്.എൻ. കോളേജിലെ വിദ്യാർത്ഥിസമരം സംബന്ധിച്ചുള്ള കേസിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു.

(ബി) പ്രിൻസിപ്പാളിന്റെ മുറിക്കുള്ളിൽ 1-2-2000-ൽ വിദ്യാർത്ഥികൾ കുത്തിയിരുപ്പു സമരം നടത്തിയിട്ടുണ്ട്.

(സി) കോളേജ് പ്രിൻസിപ്പാളിന്റെ മുറിക്കുമുന്നിൽ 1-2-2000-ൽ കുത്തിയിരുപ്പു സമരം നടത്തിയ നൂറോളം വിദ്യാർത്ഥികളുടെ പേരിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 99/2000. സെക്ഷൻ 143, 147, 342, 188, 149 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 21 പേരെ 3-2-2003-ൽ അറസ്റ്റു ചെയ്തിട്ടുണ്ട്.

കൊല്ലം എസ്.എൻ. കോളേജിലെ വിദ്യാർത്ഥി സമരം

69 (69) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ. കോളേജിൽ 1999-ാമാണ്ട് അവസാനം ആരംഭിച്ച വിദ്യാർത്ഥി സമരത്തിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു ; എത്ര ദിവസം സമരം നീണ്ടുനിന്നു ;

(ബി) വിദ്യാർത്ഥി സമരകാലത്ത് എന്തെല്ലാം വിധത്തിലുള്ള സംരക്ഷണം പ്രസ്തുത കോളേജിനും കോളേജ് അധികൃതർക്കും നൽകണമെന്ന് സംസ്ഥാന ഹൈക്കോടതി ഉത്തരവിട്ടിരുന്നു ;

(സി) സമരം നടത്തുന്ന വിദ്യാർത്ഥികൾ പ്രസ്തുത കോളേജിനേയും കോളേജ് അധികൃതരേയും സംബന്ധിക്കുന്ന എന്തെല്ലാം നിയന്ത്രണങ്ങൾ പാലിക്കണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നു ;

(ഡി) ഏതു വിദ്യാർത്ഥിസംഘടനയാണ് അവിടെ സമരം നടത്തിയത് ;

(ഇ) ഹൈക്കോടതിയുടെ ഉത്തരവിനെപ്പറ്റി ബന്ധപ്പെട്ട ജില്ലാകളക്ടർ, പോലീസ് സൂപ്രണ്ട്, ആർ.ഡി.ഒ. പോലീസ് സർക്കിൾ ഇൻസ്പെക്ടർ, ഡി.വൈ.എസ്.പി. എന്നിവർക്ക് അറിവുണ്ടായിരുന്നോ ; പ്രസ്തുത കോളേജിൽ സമരം നടത്തി വിദ്യാർത്ഥികൾ ഹൈക്കോടതി ഉത്തരവുകൾ ലംഘിച്ചുവോ ; ലംഘിച്ചെങ്കിൽ ബന്ധപ്പെട്ട പോലീസ് അധികൃതർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും അറിയിക്കുമോ ;

(എഫ്) സമരം അവസാനിപ്പിക്കാനുള്ള ചർച്ച നടത്തുന്നതിനായി കോളേജ് പ്രിൻസിപ്പാളിനെ വിദ്യാർത്ഥികൾ 2000-മാണ്ട് ഫെബ്രുവരി 2-ാം തീയതി തടഞ്ഞുവച്ചുവോ ;

(ജി) ഈ നടപടി ഹൈക്കോടതി ഉത്തരവിന്റെ ലംഘനമായിരുന്നുവോ ; ഈ ലംഘനത്തിനെതിരെ നടപടിയെടുക്കേണ്ട ബന്ധപ്പെട്ട ജില്ലാകളക്ടർ, ആർ.ഡി.ഒ., ഡി.എസ്.പി. എന്നിവർ അതിനായി എന്തെല്ലാം നടപടികളെടുത്തു ;

(എച്ച്) അവർ പ്രസ്തുത ചർച്ചയിൽ പങ്കെടുത്തുവോ ?

ഉത്തരം

(എ) 10-8-1999 കൊല്ലം എസ്.എൻ. കോളേജിൽ നടന്ന എസ്.എഫ്.ഐ., കെ.എസ്.യു. സംഘട്ടനത്തെ തുടർന്ന് കോളേജ് അനിശ്ചിതമായി അടയ്ക്കുകയും 13-8-1999-ൽ കോളേജ് സ്റ്റാഫ് കൗൺസിൽ കൂടി എസ്.എഫ്.ഐ.ക്കാരായ 4 വിദ്യാർത്ഥികളേയും കെ.എസ്.യു.ക്കാരായ ഒരു വിദ്യാർത്ഥിയേയും കോളേജിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 27-10-1999-ൽ എസ്.എഫ്.ഐ വിദ്യാർത്ഥികൾ പ്രകടനം നടത്തുകയും കോളേജ് ഗേറ്റിന് സമീപമായി കോളേജിലെ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായ മനോജ്ലാൽ (എസ്.എഫ്.ഐ) അനിശ്ചിതകാല സത്യാഗ്രഹം തുടങ്ങുകയും ചെയ്തു. 1998 ദിവസം സമരം നീണ്ടുനിന്നു.

(ബി&സി) കൊല്ലം എസ്.എൻ. കോളേജിനും കോളേജ് കെട്ടിടത്തിനും കേടുപാടുകൾ ഉണ്ടാക്കാൻ പാടില്ലെന്നും കോളേജിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും സംരക്ഷണം നൽകണമെന്നും കോളേജ് ഗേറ്റിന് 50 മീറ്റർ ചുറ്റളവിൽ പ്രകടനം നടത്തുവാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കരുതെന്നും ആയുധങ്ങളുമായി ആരുംതന്നെ കോളേജിനുള്ളിൽ കടക്കരുതെന്നും കോളേജ് പ്രിൻസിപ്പാളും വിദ്യാർത്ഥികളും അദ്ധ്യാപകരും, അദ്ധ്യാപകേതര ജീവനക്കാരും ഒഴിച്ച് ആരും കോളേജിനുള്ളിൽ പ്രവേശിക്കരുതെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നു.

(ഡി) എസ്.എഫ്.ഐ.

(ഇ) അറിവുണ്ടായിരുന്നു. കേസ് രജിസ്റ്റർ ചെയ്യുകയും 21 വിദ്യാർത്ഥികളെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്.

(എഫ്&ജി) 1-2-2000-ൽ വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പാളിന്റെ മുറിക്ക് മുമ്പിൽ കുത്തിയിരുപ്പ് സമരം നടത്തുകയുണ്ടായി. ഇവർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട് ഈ പ്രശ്നം സംബന്ധിച്ച് സമർപ്പിക്കപ്പെട്ട ഹർജികൾ കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(എച്ച്) ഇല്ല.

ഗുരുദേവ പ്രതിമ തകർത്ത സംഭവം

70 (70) ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗം ആസ്ഥാന മന്ദിരത്തിന് മുന്നിലുള്ള ഗുരുദേവ പ്രതിമ തകർത്ത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്രപേരെ ;

(ബി) എത്ര പേരെ ഇനിയും പിടികിട്ടാനുണ്ട് ;

(സി) പിടികിട്ടിയ പ്രതികൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗുരുദേവ പ്രതിമ തകർത്ത സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) ഈ സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 100/2000 നമ്പർ കേസിന്റെ അന്വേഷണത്തിൽ പ്രതി എന്ന് വെളിവായ ഒരാളെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ബി) പ്രതികളുടെ എണ്ണം കൃത്യമായി അറിവായിട്ടില്ല.

(സി) കൊല്ലം മുണ്ടക്കൽ ഉദയ-മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിനു സമീപം ശാസ്തപുരയ്ക്കൽ വീട്ടിൽ രാജൻ.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly